പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2395

18.12.2012 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് ;<br>ശ്രീ. കെ. രാധാകൃഷ്ണൻ ;<br>ശ്രീ. എ. പ്രദീപ് കുമാർ ;<br>ശ്രീ. സാജുപോൾ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) 2010 ഫെബ്രുവരിയിൽ സംസ്ഥാന സർക്കാരും ടീകോം പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ 30 ദിവസത്തിനകം സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർമ്മാണമാരംഭിക്കാമെന്ന് ടീകോം ഉറപ്പ് നൽകിയിരുന്നോ ; എന്തുകൊണ്ടാണ് ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ കഴിയാതിരുന്നത് ; വിശദമാക്കുമോ ; | എ) സ്മാർട്ട്സിറ്റി പ്രദേശം ഒറ്റ പ്രത്യേക സാമ്പത്തിക മേഖല ആയിരിക്കണമെന്ന ആവശ്യം ടീകോം ഉന്നയിച്ചിരുന്നു. എന്നാൽ നോട്ടിഫൈ ചെയ്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സർക്കാർ ആവശ്യപ്പെടുകയും ടീകോം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പവിലിയൻ നിർമ്മാണം പൂർത്തീകരിക്കുകയും 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) നിർമ്മാണം വൈകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ടീകോമിന് കത്ത് നൽകിയിട്ടുണ്ടോ ; അതിന് മറുപടി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് കാരണമാണ് ടീകോം ഉന്നയിക്കുന്നത് ; വ്യക്തമാക്കുമോ ; | ബി) ഉണ്ട്. പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിനായി സർക്കാർ നിരന്തരം ടീകോമുമായി ബന്ധപ്പെട്ടുവരുന്നു. ടീകോമിന്റെ പൂർണ്ണമായ സഹകരണം ഈ കാര്യത്തിലുണ്ട്. |
| സി) നിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; എത്രനാളുകൾക്കുള്ളിൽ ; വ്യക്തമാക്കുമോ ; | സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) സ്മാർട്ട്സിറ്റി പവിലിയൻ നിർമ്മാണത്തിന് എത്ര തുക ചെലവായി ; എത്ര ചതുരശ്ര അടി കെട്ടിടമാണ് നിർമ്മിച്ചത് ; ഇതിനായി ടെണ്ടർ വിളിച്ചിരുന്നോ ; വിശദമാക്കുമോ ? | ഡി) 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പവിലിയൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സ്മാർട്ട്സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് കെട്ടിട നിർമ്മാണത്തിനുള്ള ചെലവുകൾ നിർവഹിച്ചത്. പവിലിയൻ നിർമ്മാണത്തിന് സർക്കാർ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ